"ഭരണഭാഷ-മാതൃഭാഷ"

ലീഗൽ മെട്രോളജി കൺട്രോളറുടെ കാര്യാലയം

ലീഗൽ മെട്രോളജി ഭവൻ, വൃന്ദാവൻ ഗാർഡൻ, പട്ടം പാലസ് പി.ഒ,

തിരുവനന്തപുരം - 695 004

ഫോൺ: 0471-2303821, 2305996 ഇ-മെയിൽ: clm.lmd@kerala.gov.in

ഫാക്സ് : 0471-2305996 വെബ്സൈറ്റ്: www.lmd.kerala.gov.in

നമ്പർ: LMD-HQ/2473/2022-C4 തീയതി :16-12-2022

## സർക്കുലർ നം. 07/2022

200 രൂപ ഫീസ് അടച്ച് ലൈസൻസ് പുതുക്കിവന്നിരുന്ന ലൈസൻസികൾ, ഫീസ് വർദ്ധിപ്പിച്ച തീയതി മുതലുള്ള പുതുക്കിയ ഫീസ് അടക്കണമെന്ന് WP(C) NO. 35302 OF 2014 & 25 connected cases -ന്മേൽ ബഹു. ഹൈക്കോടതിയുടെ വിധിയുള്ളതാണ്. ടി സാഹചര്യത്തിൽ ആയതിന്റെ തുടർനടപടികൾക്കായി താഴെ പറയുന്ന കാര്യങ്ങൾ കൂടി ലൈസൻസിനുള്ള അപേക്ഷ ഫോർവേഡ് ചെയ്യുമ്പോൾ പാലിക്കേണ്ടതാണ്.

1. കുടിശ്ശികയുള്ള ലൈസൻസികൾ കുടിശ്ശികയുള്ള അതേ ഗണത്തിൽപ്പെട്ട പുതിയ ലൈസൻസിന് അപേക്ഷിക്കുമ്പോൾ ബഹു. ഹൈക്കോടതിയുടെ വിധിപ്രകാരമുള്ള കുടിശ്ശിക ഫീസ് അടച്ചു എന്ന് ഉറപ്പുവരുത്തി, ഓൺലൈൻ ലൈസൻസ് അപേക്ഷയിൽ ചെല്ലാന്റെ പകർപ്പ് കൂടി അറ്റാച്ച് ചെയ്ത്, അക്കാര്യം നോട്ട് ഫയലിൽ ശുപാർശയോടൊപ്പം രേഖപ്പെടുത്തേണ്ടതാണ്.

2. പുതിയതായി വകുപ്പിൽ നിന്നും ലൈസൻസ് എടുക്കുന്നവരും, പുതുതായി പാർട്ട്ണർ/ഡയറക്ടർമാരെ ഉൾപ്പെടുത്തി ലൈസൻസ് ഭേദഗതി ചെയ്യുന്നവരും, അപേക്ഷയിൽ കോളം നമ്പർ 6-ൽ പേരുവരുന്ന എല്ലാവരും (പാർട്ട്ണർഷിപ്പ് ഫേം ആണെങ്കിൽ എല്ലാ പാർട്ട്ണർമാരും, കമ്പനിയാണെങ്കിൽ എല്ലാ ഡയറക്ടർമാരും) അതേ ഗണത്തിൽപ്പെട്ട ലൈസൻസിന്റെ പേരിൽ വകുപ്പിലേക്ക് ഫീസ് ഒന്നും കുടിശികയാക്കിയിട്ടില്ല എന്ന് സ്വയം സാക്ഷ്യപെടുത്തിയ ഒരു സാക്ഷ്യപത്രം കൂടി ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. enhanced fees അടയ്ക്കുന്നത് റിട്ട് അപ്പീൽ WA No.466 /2022 ഉത്തരവിനു വിധേയമാണ് എന്നു ബഹു. കോടതിയുടെ 6.7.2022 ലെ ഇടക്കാല ഉത്തരവുള്ളതിനാൽ മേൽപ്പടി കുടിശ്ശിക ഫീസ് അടക്കുന്നതിനു പ്രത്യേക അക്കൗണ്ട് സർക്കാരിൽ നിന്നും ലഭിക്കുന്നത് വരെ, WP(C) NO. 35302 OF 2014 & 25 connected cases വിധി പ്രകാരം വർദ്ധിപ്പിച്ച License fee നിലവിലുള്ള രീതിയിൽതന്നെ ഈടാക്കേണ്ടതും ആയതിൻറെ വിവരങ്ങൾ (ചെല്ലാന്റെ നമ്പർ, തീയതി ഉൾപ്പെടെ) പ്രത്യേകമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4. കടിശ്ശികയുള്ള ലൈസൻസുകൾ 2023 -ലേക്ക് പുതുക്കുന്നതിനു മുൻപ്, ഹൈക്കോടതിയുടെ വിധിപ്രകാരമുള്ള കടിശ്ശിക ഫീസ് അടച്ചു എന്ന് ഉറപ്പുവരുത്തി, ഓൺലൈൻ ലൈസൻസ് അപേക്ഷയിൽ ചെല്ലാന്റെ പകർപ്പ് കൂടി അറ്റാച്ച് ചെയ്ത്, അക്കാര്യം നോട്ട് ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്.

കൺട്രോളർ

എല്ലാ ഡെപ്യൂട്ടി കൺട്രോളർമാർക്കും (എഫ്.എസ്.)

പകർപ്പ്:-

1. എല്ലാ ജോയിന്റ് കൺട്രോളർമാർക്കും.
2. Ad. Clm / AO / LO / FO / DC(HQ)/ JS(Enf.) / IT Section / CA /C4.